നം:ICDS.B3-37000/16

സാമൂഹ്യനീതി ഡയറക്ടറേറ്റ്(അനക്സ്)
സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം. തീയതി: 22.12.2016

## സർക്കുലർ

വിഷയം :- സാമൂഹ്യ നീതി വകുപ്പ് - ഐസിഡിഎസ് - അമൃതം ന്യൂട്രിമിക്സ് - യൂണിറ്റ് - സംയുക്തപരിശോധന നടത്തുന്നത്- നിർദ്ദേശം -സംബന്ധിച്ച്.

സൂചന :-

സാമൂഹ്യനീതി വകുപ്പിന് കീഴിലെ അങ്കണവാടികളിലെ 6 മാസം മുതൽ 3 വയസുവരെ പ്രായമുള്ള കുട്ടികൾക്ക് കുടുംബശ്രീ മുഖാന്തിരം നൽകി വരുന്ന അമൃതം ന്യൂട്രിമിക്സ് നിർമ്മാണ യൂണിറ്റുകളുടെ പ്രവർത്തനം സംബന്ധിച്ച് standard operating procedure നിലവിലുണ്ട്.

നിർമ്മാണ യൂണിറ്റുകളുടെ പ്രവർത്തനം SOP പ്രകാരമാണ് എന്ന് ഉറപ്പുവരുത്തുന്നതിന് ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർ/ CDPO ജില്ലാ മിഷൻ കോർഡിനേറ്റർ എന്നിവരുമായി സംയുക്തപരിശോധന നടത്തുന്നതിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഇത് കൃത്യമായി പാലിക്കപ്പെടുന്നില്ല. അതുകൊണ്ട് തന്നെ ന്യൂട്രിമിക്സ് യൂണിറ്റുകളിൽ ന്യൂട്രിമിക്സ് ഉല്പാദനത്തിനായി നൽകുന്ന ഗോതമ്പിന്റെ അളവും ലഭ്യമാക്കുന്ന ന്യൂട്രിമിക്സിന്റെ അളവും തമ്മിൽ പൊരുത്തപ്പെടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ P.O /CDPO-DMC എന്നിവരുടെ സംയുക്ത പരിശോധനയൂണിറ്റുകളിൽ നിർബന്ധമായി നടത്തേണ്ടതും SOP പ്രകാരം പരിശോധന നടത്തേണ്ടതും റിപ്പോർട്ട് എല്ലാ മാസവും 10- ാം തീയതിക്കുള്ളിൽ സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.

സംയുക്ത പരിശോധനയിൽ ചുവടെ ചേർക്കുന്ന വിഷയങ്ങൾ നിർബന്ധമായും പരിശോധിക്കേണ്ടതാണ്.

1. ന്യൂട്രിമിക്സ് ഉല്പാദനത്തിനായി ലഭ്യമാക്കുന്ന ഗോതമ്പിന്റെ അളവും ആയതിന് ആനുപാതികമായി ഉല്പാദിപ്പിച്ച് ലഭ്യമാക്കുന്ന ന്യൂട്രിമിക്സിന്റെ അളവും
2. ന്യൂട്രിമിക്സ് ഉല്പാദനത്തിനായി യൂണിറ്റ് വാങ്ങുന്ന മറ്റ് അസംസ്കൃത വസ്തുക്കളുടെ അളവും ആയതിന്റെ ഉപയോഗത്തിന്റെ അളവും ഉല്പാദിപ്പിക്കുന്ന ന്യൂട്രിമിക്സിന്റെ അളവും തമ്മിൽ പൊരുത്തപ്പെടുന്നുണ്ടോ എന്നത് പരിശോധിക്കണം.
3. SOP കൃത്യമായി പാലിക്കുന്നുണ്ടോ എന്നത് പരിശോധിക്കണം.

for സാമൂഹ്യനീതി ഡയറക്ടർ

പകർപ്പ്:
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ CDPO മാർക്കും

TSS/-